**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 747 — 07/11/2016 – ൽ മറുപടിക്ക്

**കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ഡിജിറ്റലൈസ് ചെയ്യുന്നതിന് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. എൽദോ എബ്രഹാം<br>ശ്രീമതി സി.കെ. ആശ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ഡിജിറ്റലൈസ് ചെയ്യുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ; | (എ) കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പദ്ധതി കുടുംബശ്രീ ഇനിയും രൂപീകരിച്ചിട്ടില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ നബാർഡുമായി സഹകരിച്ച് അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, സമ്പാദ്യം, വായ്പ, അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്തു വരുന്നുണ്ട്. ഇതിലൂടെ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും സുതാര്യമാക്കാനും മെച്ചപ്പെടുത്താനുമാണ് ലക്ഷ്യമിടുന്നത്. കൂടാതെ അയൽക്കൂട്ടങ്ങളും ധനകാര്യ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ കാര്യക്ഷമാക്കുന്നതിനും ബാങ്കുകളുടെ സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനും ഇതിലൂടെ സാധ്യമാകുന്നു. |
| (ബി) അയൽക്കൂട്ടങ്ങളുടെ നിക്ഷേപ-വായ്പാ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ നേട്ടങ്ങൾ വിശദമാക്കുമോ; | (ബി) അയൽക്കൂട്ടങ്ങളിലെ നിക്ഷേപ-വായ്പ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ മാന്വൽ ബുക്ക് കീപ്പിംഗിലുള്ള തെറ്റുകൾ ഒഴിവാക്കുവാനും അയൽക്കൂട്ടത്തിന് ഗ്രേഡിംഗ് പ്രക്രിയ ലളിതമാക്കാനും സഹായിക്കും. ബാങ്കുകളുടെ സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനും ഇതിലൂടെ സാധ്യമാകുന്നു. |
| (സി) പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നത്; പദ്ധതി നടപ്പാക്കുന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (സി) ദേശീയ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ (നബാർഡ്) മൈക്രോ ക്രെഡിറ്റ് & ഇന്നവേഷൻ വിഭാഗം മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇൻഡ്യയിൽ മൊത്തം 22 ജില്ലകളിലെ അയൽക്കൂട്ടങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിൽ ഒന്ന് കേരളത്തിലെ കാസർഗോഡ് ജില്ലയാണ്. |

സെക്ഷൻ ഓഫീസർ